LIBRARY ARCHIVES Kerala Legislative Assembly

എറണാകുളം മഹാരാജാസ് കോളേജിലെ ഹോസ്റ്റൽ വിദ്യാർത്ഥികൾ

138 [1825] ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം മഹാരാജാസ് കോളേജിലെ പെൺകുട്ടികളുടെ ഹോസ്റ്റലിലും ആൺകുട്ടികളുടെ ഹോസ്റ്റലിലും ആയി എത്ര എസ്.സി./എസ്.ടി. വിദ്യാർത്ഥികൾ താമസിക്കുന്നുണ്ട്; ആരെല്ലാമെന്നും ഏതെല്ലാം ക്ലാസുകളിൽ എന്നതുൾപ്പെടെയുള്ള പേരുവിവരവും മേൽവിലാസവും വെളിപ്പെടുത്തുമോ;

(ബി) എസ്.സി./എസ്.ടി. അല്ലാത്തവരും അനധികൃതമായി താമസിക്കുന്നവരുമായ ചിലർ സ്ഥിരമായി മെസ്സ് ജീവനക്കാരെ ഭീഷണിപ്പെടുത്തി ഭക്ഷണം കഴിക്കുന്നതായും ജീവനക്കാരെ കയ്യേറ്റം ചെയ്യുന്നതായും ഉള്ള പരാതികൾ ലഭിച്ചിട്ടുണ്ടോയെന്ന് അന്വേഷിച്ച് വിവരം വെളിപ്പെടുത്താമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) ഈ കോളേജിലെ ഹോസ്റ്റലുകൾ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കു മാത്രമായി സംവരണം ചെയ്യപ്പെട്ടിട്ടുള്ളതല്ല. ഈ ഹോസ്റ്റലിൽ അനധികൃതമായി ആരുംതന്നെ താമസിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഒരു പൂർവ്വ വിദ്യാർത്ഥി മെസ് ജീവനക്കാർക്ക് ചില പ്രശ്നങ്ങൾ ഉണ്ടാക്കിയതായി 14-10-2003-ൽ മെൻസ് ഹോസ്റ്റൽ ജീവനക്കാരിൽ നിന്നും ഒരു പരാതി ഹോസ്റ്റൽ വാർഡന് ലഭിക്കുകയുണ്ടായി. അതിന്മേൽ അന്വേഷണം നടത്തി ഭാവിയിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതായി ഹോസ്റ്റൽ വാർഡൻ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്.

പിന്നോക്ക-പട്ടിക സമുദായ വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ

139 [1826] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2002-03 വർഷം പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ടോ;